# 11

# ക്രിസ്തുവിന്റെ മണവാട്ടി

"... ഞാൻ നിങ്ങളെക്കുറിച്ചു ദൈവത്തിന്റെ എരിവോടെ എരിയുന്നു. ഞാൻ ക്രിസ്തു എന്ന ഏക പുരുഷനു നിങ്ങളെ നിർമ്മല കന്യകയായി ഏല്പിപ്പാൻ വിവാഹ നിശ്ചയം ചെയ്തിരിക്കുന്നു" (2 കൊരിന്ത്യർ 11:2).

ഹാർഡിങ്ങ് യൂണിവേഴ്സിറ്റിയിലെ ചില വിദ്യാർത്ഥിനികൾ തമാശയായി പറയാറുണ്ട്, "നിങ്ങൾക്കറിയാമോ ദൈവം മനുഷ്യരെ ആദ്യം സൃഷ്ടിച്ചത് എന്തുകൊണ്ടാണെന്ന്? അവൻ മാസ്റ്റർ പീസ് ഉണ്ടാക്കുന്നതിനു മുൻപു ഒരു നക്കൽ ഉണ്ടാക്കുവാൻ ആഗ്രഹിച്ചു!" എല്ലാം ചുറ്റും നോക്കിയാൽ, ദൈവത്തിന്റെ രൂപകല്പനയനുസരിച്ചു, സ്ത്രീ - മനോഹര സൃഷ്ടിയാണ് - ദൈവ സൃഷ്ടിയിൽ ഏറ്റവും സൗന്ദര്യമുള്ളത്.

സ്ത്രീ ഏറ്റവും സൗന്ദര്യമുള്ളത് അവളുടെ വിവാഹദിവസമാണ്. വിവാഹ ദിവസം വധുവായി വന്നു തന്റെ ഹൃദയത്തെയും ജീവിതത്തെയും സമർപ്പിച്ചതു ഏതു ഭർത്താവിനു മറക്കുവാൻ കഴിയും? അവളുടെ സ്നേഹാർദ്രവമായ ആ നിമിഷങ്ങൾ അവന്റെ മനസ്സിൽ മരണത്തോളം ഓർമ്മയായി കിടക്കും.

"മണവാട്ടി" എന്ന വൈകാരികമായ വാക്ക് നമ്മുടെ മനസ്സിൽ സഭയ്ക്കു പതിപ്പിക്കുന്നതു പോലെ മറ്റൊരു രൂപം പതിക്കുകയില്ല എന്നു പറയാം. സഭയ്ക്കായി നല്കിയിരിക്കുന്ന എല്ലാ പുതിയ നിയമ ചിത്രത്തേക്കാളും ഒരു പക്ഷെ അതു മുന്നിലായിരിക്കും.

സഭയെക്കുറിച്ചു വിവരിക്കുന്നതിൽ യോഹന്നാൻ മാത്രമാണ് ആ വാക്ക് ഉപയോഗിച്ചിരിക്കുന്നത്. അവൻ ആ വാക്ക് ഉപയോഗിച്ചതിലൂടെ സ്വർഗ്ഗീയമായ അവസ്ഥയെയും ഭൗമികമായ അവസ്ഥയെയും സമ്മിശ്രമാക്കുകയാണ് ചെയ്തത് (വെളിപ്പാട് 21:2, 9; 22:17). എങ്ങനെയായാലും, യേശു, മർക്കൊസ് 2:19-ൽ സഭയെ മണവാട്ടിയായി പറയുന്നുണ്ട്, പൗലൊസ് 2 കൊരിന്ത്യർ 11:2-ൽ പറഞ്ഞതുപോലെ, മറ്റു സാദൃശ്യ

ങ്ങൾ പൗലൊസിന്റെ എഫെസ്യർ 5:22–33 ലും ഉപമയായ റോമർ 7:1–4 ലും കാണാം.

സഭ മണവാട്ടി എന്ന ചിന്ത നമ്മെ, സഭയുടെ മറ്റൊരു സ്വഭാവത്തിലേക്കു കൊണ്ടു പോകുന്നു. സഭ എന്തെന്നു പൂർണ്ണമായി മനസ്സിലാക്കുവാൻ, പരിശുദ്ധാത്മാവു സഭയ്ക്കു ഉപയോഗിച്ചിരിക്കുന്ന എല്ലാ വാക്കുകളും, രൂപങ്ങളും ചിത്രങ്ങളും എടുക്കണം.

സഭയെ പ്രായോഗികമാക്കുമ്പോൾ ഈ ഒരു താരതമ്യം എന്താണ് പറയുന്നത്?

## ചോദ്യം ചെയ്യപ്പെടാത്ത ഭക്തി

ഒന്നാമതു, "മണവാട്ടി" എന്ന വാക്ക് വിശ്വസ്തതയെ ബോധ്യമാക്കുന്നു. ഒരു മണവാട്ടി ഒരു സമർപ്പണം എടുക്കുന്നു; സ്നേഹവും, ഭക്തിയും, ജീവനും ഉള്ള ഒരു ഉഭയസമ്മതത്തിലേക്കാണ് അവൾ പ്രവേശിക്കുന്നത്.

തെറ്റായ സുവിശേഷത്തിലേക്കും തെറ്റായ യേശുവിലേക്കും കൊരിന്തിലുള്ളവർ മാറുന്നു എന്നു പൗലൊസ് ഭയപ്പെടുകയുണ്ടായി. പിന്നീട് ക്രിസ്ത്യാനികൾ നിർമ്മലതയിലും വിശുദ്ധിയിലും ജീവിക്കേണ്ട പ്രാധാന്യം അവൻ അതിശക്തമായ ഭാഷയിൽ അപേക്ഷിക്കുന്നുണ്ട്: "ഞാൻ നിങ്ങളെക്കുറിച്ചു ദൈവത്തിന്റെ എരിവോടെ എരിയുന്നു; ഞാൻ ക്രിസ്തു എന്ന ഏക പുരുഷനു നിങ്ങളെ നിർമ്മല കന്യകയായി ഏല്പിപ്പാൻ വിവാഹ നിശ്ചയം ചെയ്തിരിക്കുന്നു" (2 കൊരിന്ത്യർ 11:2). തന്റെ ഭർത്താവിനെ ഭാര്യ തള്ളിപ്പറയുന്നതു ഊഹിക്കാനേ സാധ്യമല്ല, അതുകൊണ്ടു, ക്രിസ്ത്യാനിക്കു ക്രിസ്തുവിനോടുള്ള ബന്ധം ഊഷ്മളമാകണം എന്നു കാണിക്കുവാൻ പൗലൊസ് വിവാഹനിശ്ചയബന്ധം എടുത്തു കാണിക്കുകയാണ്.

ഭർത്താവും - ഭാര്യയും - ചേരുന്ന ബന്ധത്തേക്കാൾ ശ്രേഷ്ഠമായതു മറ്റെന്തു ചിത്രീകരിക്കുവാൻ കഴിയും? നമ്മിൽ മിക്കപേരും വേർപെട്ടു മരിക്കുന്നതിനേക്കാൾ ഒന്നിച്ചു മരിക്കുന്നതാണ് നല്ലതെന്നു പറഞ്ഞിട്ടുള്ള ഭാര്യാഭർത്താക്കന്മാരെ കേട്ടിട്ടുണ്ട്. ജീവനേക്കാൾ വലുതാണ് അവർക്കു അന്യോന്യമുള്ള ഭക്തി.

സഭയുടെ ഒഴിച്ചു കൂടാനാവാത്ത ദൗത്യം ക്രിസ്തുവിനോടുള്ള വിശ്വസ്തതയാണ്. അവന്റെ ആളുകൾ ക്രിസ്തുവിനോടുള്ള സത്യസന്ധത പുലർത്തിയാൽ - വിജയത്തിനോ, സമ്പൽസമൃദ്ധിക്കോ, അല്ലെങ്കിൽ ജീവിക്കുവാനോ മറ്റൊന്നും ചെയ്യേണ്ടതില്ല (വെളിപ്പാട് 2:10). മറ്റു ബന്ധങ്ങളേക്കാൾ അവനോടുള്ള പ്രതിബദ്ധതക്കാണ് നാം മൂല്യം കല്പിക്കേണ്ടത് (ലൂക്കൊസ് 14:26), സമ്പാദ്യത്തേക്കാളും (ലൂക്കൊസ് 14:33), അല്ലെങ്കിൽ രക്തബന്ധത്തേക്കാളും ഉയർന്ന മൂല്യം ക്രിസ്തുവിനോടാണ് ഉള്ളത് (ലൂക്കൊസ് 14:27).

## വ്യക്തിത്വ പ്രത്യേകത

രണ്ടാമത്, സഭ ക്രിസ്തുവിന്റെ മണവാട്ടി ആയിരിക്കുന്നതിൽ തിരിച്ചറിവും ഉൾപ്പെടുന്നു. നമ്മുടെ സ്നേഹങ്ങൾ എല്ലാം ഏക സ്നേഹ

ത്തിലേക്ക് ചുരുക്കി, ക്രിസ്തുവിനോടുള്ള ഏകാഗ്രതയിൽ നാം അവനോടു ഒരു ഉടമ്പടി ചെയ്തു. അതുകൊണ്ടു, നാം ഭാര്യയും ഭർത്താവും അന്യോന്യം ആയിരിക്കുന്നതു പോലെ, ക്രിസ്തുവിനുള്ളവരും, ക്രിസ്തു നമുക്കുള്ളവനും ആകുന്നു. നമ്മുടെ തലയായ ക്രിസ്തുവിലേക്കു നാം നോക്കുകയും അവന്റെ നാമം ധരിക്കുകയും അവൻ നമ്മെ ഭൂമിയിലെ അവന്റെ സഭയിലേക്ക് വിളിക്കുകയും ചെയ്യുന്നു.

വിവാഹം ഭാര്യയ്ക്കും ഭർത്താവിനും ഒരു പ്രത്യേക തിരിച്ചറിയൽ നല്കുന്നു, എന്നാൽ ഇത് പ്രത്യേകമായി വധുവിനെ സംബന്ധിച്ച് വാസ്തവമാണ്, അവൾ അങ്ങനെ ആജീവനാന്ത വിവാഹ കരാറിൽ ഏർപ്പെടുകയും, അവൾക്ക് ഭർത്താവിന്റേതായ പുതിയ പേർ ലഭിക്കുകയും ചെയ്തു. അതുപോലെ, നാം സഭയിലേക്കു പ്രവേശിക്കുകയും "ക്രിസ്തുവിന്റെ സഭ" യുടെ ഭാഗമാകുകയും ചെയ്യുമ്പോൾ (റോമർ 16:16), ക്രിസ്തുവിനോടു കൂടെ ചേരുന്നതു കൊണ്ട് നമുക്ക് ഒരു പുതിയ വ്യക്തിത്വം ലഭിക്കുന്നു.

ഭർത്താവും ഭാര്യയും ഒന്നാകുന്നതിനു വേണ്ടിയാണ് ദൈവം വിവാഹം ഏർപ്പെടുത്തിയിരിക്കുന്നത്: "അതുകൊണ്ടു പുരുഷൻ അപ്പനെയും അമ്മയെയും വിട്ടു പിരിഞ്ഞു ഭാര്യയോട് പറ്റി ചേരും; അവർ ഏക ദേഹമായിതീരും" (ഉല്പത്തി 2:24). അതുപോലെ, പരിവർത്തനത്തിൽ, നാം ക്രിസ്തുവിനോടു കൂടെ ഒന്നാകുന്നു (റോമർ 6:3). ഈ ഐക്യം പ്രധാനപ്പെട്ടതാണെന്ന് ചിത്രീകരിക്കുകയാണ് വിവാഹത്തിലൂടെ ഭാര്യയും ഭർത്താവും ഒന്നായിത്തീരുന്നത്: "അവണ്ണം ഭർത്താക്കന്മാരും തങ്ങളുടെ ഭാര്യമാരെ സ്വന്ത ശരീരങ്ങളെ പോലെ സ്നേഹിക്കേണ്ടതാകുന്നു ... ക്രിസ്തുവും സഭയെ ചെയ്യുന്നതു പോലെ അതിനെ പോറ്റി പുലർത്തുക അത്രെ ചെയ്യുന്നതു, കാരണം നാം അവന്റെ ശരീരത്തിലെ അവയവങ്ങൾ അല്ലോ" (എഫെസ്യർ 5:28-30).

ഒരു വ്യക്തി ക്രിസ്ത്യാനിയായിത്തീരുമ്പോൾ, എടുക്കുന്ന മുഖ്യമായ സമർപ്പണം പോലെ, പ്രധാനപ്പെട്ടതാണ് വിവാഹവും. വിവാഹ ബന്ധത്തിൽ പ്രവേശിക്കുന്നത് പ്രാധാന്യമുള്ള ഒന്നാണ് കാരണം ഒരാൾ വ്യത്യാസമുള്ള വ്യക്തിയായിത്തീരുന്നു. അയാൾ വിവാഹത്തിനു മുമ്പ് *ഒന്ന്* ആയിരുന്നു, എന്നാൽ വിവാഹശേഷം അയാൾ *രണ്ട്* ആകുന്നു; വിവാഹത്തിന് മുൻപ് അയാൾ *തനിച്ചായിരുന്നു,* എന്നാൽ വിവാഹത്താൽ അയാൾ *മറ്റൊരാളുടേതായി.* അതേ പോലെ, നാം പുതിയ നിയമ സഭയിൽ പ്രവേശിക്കുമ്പോൾ നാം ക്രിസ്തുവിന്റെ ശരീരമാകുന്നു. നാം മുൻപ് ആയിരുന്നതു പോലെയല്ല പിന്നീട്; നാം *ക്രിസ്ത്യാനികൾ* ആയിത്തീർന്നു, വ്യക്തികളായി നാം ക്രിസ്തുവിനോടു കൂടെ ഒന്നാകുന്നതിനാൽ തിരിച്ചറിയപ്പെടുന്നു.

**കടന്നു പോകാത്ത ബന്ധം**

മൂന്നാമത്, വധു വരനോട് ഒരു പ്രത്യേകമായ തുടർ സമർപ്പണത്തിൽ കഴിയുന്നു. ഈ ഭൂമിയിൽ മറ്റൊരു ബന്ധവും ഭാര്യ ഭർത്തൃ ബന്ധത്തെ പോലെ ആകുന്നില്ല.

ഭാര്യാ - ഭർത്തൃ ബന്ധത്തെ വിപുലീകരിച്ച് എഫെസ്യർ 5:22-33

ൽ സഭയ്ക്ക് ക്രിസ്തുവിനോടുള്ള ബന്ധത്തെ പൗലൊസ് വിശദമാക്കിയിരിക്കുന്നു. അവന്റെ ചിത്രീകരണം, ദൈവം ക്രിസ്തീയ വിവാഹത്താൽ ഭാര്യാഭർത്താക്കന്മാർ ആയിത്തീർന്നവരുടെ പങ്കിനെ സംബന്ധിച്ചു വിവരിക്കുന്നു, എന്നാൽ അവൻ പ്രാഥമികമായി ഊന്നൽ കൊടുത്തത് സഭയ്ക്ക് ക്രിസ്തുവിനോടുള്ള ബന്ധം അറിയിക്കുവാനാണ് (എഫെസ്യർ 5:32).

തന്റെ താരതമ്യ പഠനത്തിൽ, ദൈവശ്വാസീയതയാൽ പൗലൊസ് കീഴ്പ്പെടലിന് ഊന്നൽ കൊടുത്തിരിക്കുന്നു. ക്രിസ്തുവിന്റെ മണവാട്ടി ആയ സഭ, അവളുടെ തലയായ ക്രിസ്തുവിനു കീഴ്പ്പെട്ടിരിക്കുന്നു. അവൻ പറഞ്ഞു, "ഭാര്യമാരെ, കർത്താവിനു എന്ന പോലെ സ്വന്ത ഭർത്താക്കന്മാർക്ക് കീഴടങ്ങുവിൻ, ക്രിസ്തു ശരീരത്തിന്റെ രക്ഷിതാവായി സഭയ്ക്ക് തലയാകുന്നതു പോലെ ഭർത്താവ് ഭാര്യക്ക് തലയാകുന്നു" (എഫെസ്യർ 5:22, 23). ഒരു ഭാര്യ ഭർത്താവിനു കീഴ്പ്പെട്ടിരിക്കുന്നതു പോലെ, സഭ അവളുടെ നായകനായ ക്രിസ്തുവിനു കീഴ്പ്പെട്ടിരിക്കുന്നു.

ആരോ പറഞ്ഞു, "ഒരു തികഞ്ഞ ഗവൺമെന്റ് ഉണ്ടാകുന്നത് ഡിറ്റേക്റ്റർ തികവുള്ളവൻ ആകുന്നത് കൊണ്ടാണ്." സഭ തികവുള്ള ക്രിസ്തുവിനു കീഴ്പ്പെട്ടിരിക്കുന്നത് കൊണ്ട്, ഒരു തികഞ്ഞ ബന്ധം ആസ്വദിക്കുന്നു. സഭ അതിന്റെ അധികാരത്തിന് ഒരു മനുഷ്യനെയോ, മനുഷ്യ സംഘടനകളെയോ, ഭൂമിയിലെ ഏതെങ്കിലും തലസ്ഥാനങ്ങളെയോ കണക്കാക്കുകയില്ല. സത്യമായ ക്രിസ്തുവിന്റെ സഭയ്ക്ക് ഏക കർത്താവും, ക്രിസ്തുവും, തലയും മാത്രമേ ഉണ്ടാകൂ.

ഞാൻ എഫെസ്യർ 5:22-33 ബൈബിൾ ക്ലാസ്സിൽ, പറയാറുള്ളത് വാക്യം 23, ഭർത്താക്കന്മാർക്കല്ല ഭാര്യമാർക്കുള്ളതാണ്, വാക്യം 25 ഭാര്യമാർക്കല്ല, ഭർത്താക്കന്മാർക്കുള്ളതാണ്. ഭാര്യമാർക്കുള്ള വാക്ക് "കീഴ്പ്പെടൽ" എന്നും ഭർത്താക്കന്മാർക്കുള്ള വാക്ക് "യാഗം" എന്നുമാണ്. പൗലൊസ് പറഞ്ഞതനുസരിച്ച്, നല്ല ഭർത്താക്കന്മാർക്ക് ചുരുങ്ങിയത് രണ്ടു ഗുണങ്ങൾ ഉണ്ടാകണം: (1) അവൻ തന്റെ ഭാര്യയെ ക്രിസ്തു സഭയെ ത്യാഗത്തോടു കൂടി സ്നേഹിച്ചതു പോലെ സ്നേഹിക്കും, (2) അവൻ അവൾക്ക് വേണ്ടി പ്രത്യേക ഗുണമുള്ള ആത്മീയമായ നായകത്വം നല്കും. അതുപോലെ, പൗലൊസ് പറഞ്ഞ പ്രകാരം, ഒരു നല്ല ഭാര്യയ്ക്ക് ചുരുങ്ങിയത് രണ്ടു ഗുണങ്ങൾ ഉണ്ടാകും: (1) അവൾ തന്റെ ഭർത്താവിനു കീഴ്പ്പെട്ടിരിക്കും, (2) സഭ ക്രിസ്തുവിനെ സ്നേഹിക്കുന്നതു പോലെ അവൾ തന്റെ ഭർത്താവിനെ സ്നേഹിക്കുന്നു.

അവന്റെ സഭയിൽ പ്രവേശിക്കാതെ, ക്രിസ്തുവിനോട് മണവാട്ടി/മണവാളൻ എന്ന പ്രത്യേക ബന്ധം ആർക്കും ഉണ്ടാകയില്ല. ഒരു പുരുഷന്റെ ഭാര്യക്കുള്ള അവകാശങ്ങൾ, മറ്റു ഒരു സ്ത്രീക്കും അവകാശപ്പെടുവാൻ സാധ്യമല്ലാത്തതു കൊണ്ട്, മറ്റൊരു സ്ഥാപനത്തിനോ സംഘടനയ്ക്കോ - എങ്ങനെയായാലും അറിയപ്പെടുന്നതോ അല്ലെങ്കിൽ സമർപ്പിത സേവനമോ - ഭാര്യാ/ഭർത്തൃ നേട്ടങ്ങൾ ക്രിസ്തുവിനോടുള്ള ബന്ധത്തിൽ ആകുന്നതു പോലെ ആയിരിക്കയില്ല.

## പരിധിയില്ലാത്ത ദാനങ്ങൾ

നാലാമത്, ക്രിസ്തുവിന്റെ മണവാട്ടി ആയിത്തീരുക എന്നാൽ ക്രിസ്തുവിന്റെ കരുതലും സ്നേഹവും ദാനങ്ങളും ലഭിക്കുക എന്നാണ് അർത്ഥം. അങ്ങനെ കർത്താധി കർത്താവിന്റെയും രാജാധി രാജാവിന്റെയും മണവാട്ടി ആയിത്തീരുമ്പോൾ ലഭിക്കുന്ന അനുഗ്രഹങ്ങൾ മൊത്തത്തിൽ ആർക്ക് മനസ്സിലാകും?

ആരംഭമായി, യേശു തന്റെ സഭയ്ക്കു വേണ്ടി *രക്ഷ* നല്കുന്നു. പൗലൊസ് "ശരീരത്തിന്റെ രക്ഷിതാവ്" ക്രിസ്തു എന്നു പറഞ്ഞിരിക്കുന്നു (എഫെസ്യർ 5:23). അവൻ തന്റെ ജീവൻ അവർക്കു വേണ്ടി വെച്ചു കൊടുത്തു കൊണ്ടാണ് സഭയെ ലോകത്തിലേക്കു കൊണ്ടു വന്നത്: "... ക്രിസ്തു സഭയെ ചെയ്യുന്നതു പോലെ അതിനെ പോറ്റി പുലർത്തുക അത്രേ ചെയ്യുന്നതു" (എഫെസ്യർ 5:25). കൂടാതെ, യേശു സഭയെ *നിലനിർത്തുന്നു.* പൗലൊസ് പറഞ്ഞത് "ക്രിസ്തുവും സഭയെ ചെയ്യുന്നതു പോലെ" ഭർത്താവ് ഭാര്യയെ പോറ്റി പുലർത്തേണം എന്നാണ് (എഫെസ്യർ 5:29). യേശു സഭയുടെ *വിശുദ്ധി* സൂക്ഷിക്കുകയും അവരുടെ ഭാവിയെ *ഭദ്രമാക്കുകയും* ചെയ്യുന്നു: "അവൻ അവളെ വചനത്തോടു കൂടിയ ജലസ്നാനത്താൽ വെടിപ്പാക്കി വിശുദ്ധീകരിക്കേണ്ടതിനും; കറ, ചുളുക്കം മുതലായത് ഒന്നുമില്ലാതെ സഭയെ ശുദ്ധയും നിഷ്കളങ്കയും ആയി തനിക്കു തന്നെ തേജസ്സോടെ മുൻനിർത്തേണ്ടതിനും തന്നെത്താൻ അവൾക്കു വേണ്ടി ഏല്പിച്ചു കൊടുത്തു" (എഫെസ്യർ 5:26, 27).

കുട്ടികളും (മുതിർന്നവരും) ആസ്വദിക്കുന്ന ഒരു കഥയാണ് സെന്ററില്ല. മോശമായി പെരുമാറപ്പെട്ട ഒരു അടിമ പെൺകുട്ടി ക്രമേണ ഒരു രാജകുമാരനെ വിവാഹം കഴിക്കുന്ന ആശയം നമുക്ക് രോമാഞ്ചം ഉണർത്തുന്ന ആശയമാണ്. ആ കഥ അവസാനിക്കുന്നതിന് അപ്പുറമായി നമുക്കു നോക്കാം. "ആ കഥയുടെ ശേഷ ഭാഗം" എന്തായിരുന്നു? ആ സെന്ററില്ലയുടെ രാജകുമാരന്റെ പത്നിയായ ശേഷമുള്ള ജീവിതം എങ്ങനെ ആയിരുന്നു? അവളുടെ ജീവിതത്തിൽ എന്തു വ്യത്യാസമാണ് വരുത്തിയത്! മുൻപ് ദാരിദ്ര്യവും അടിമത്ത ജോലിയും, നിന്ദിക്കപ്പെടുകയും നിരാശപ്പെടുകയും ചെയ്തിട്ട്, അവളിപ്പോൾ ആഡംബരവും, ധനികത്വവും മഹത്വകരമായ ജീവിതവും പുതിയ വീട്ടിൽ അവൾക്ക് ലഭിക്കുന്നു. രാജകുമാരനുമായുള്ള വിവാഹം അവൾക്ക് ഒരു പുതിയ വ്യക്തിത്വം നല്കി ഒരു പുതിയ ജീവിതവും അസംഖ്യം സുഖലോലുപതയും ലഭിച്ചു.

ഒരു ഭാര്യ സ്നേഹമുള്ള ഭർത്താവിന്റെ കരുതലിൽ ആകുന്നതു പോലെ ക്രിസ്തുവിന്റെ ശരീരത്തിൽ പ്രവേശിക്കുന്നവർക്ക് ക്രിസ്തു കരുതലോടെ എല്ലാം നല്കും. സഭയിൽ മാത്രമാണ് ക്രിസ്തുവിന്റെ സുരക്ഷിത സംരക്ഷണം വാഗ്ദാനം ചെയ്തിട്ടുള്ളത്.

## സമാനതകളില്ലാത്ത വാഗ്ദാനം

അഞ്ചാമത്, ക്രിസ്തുവിന്റെ മണവാട്ടിയാണ് സഭ എന്നത് ക്രിസ്തു ആസ്വദിക്കുന്നതായ ഭാവി അതേ ഭാവി ആസ്വദിക്കാൻ കഴിയും.

ക്രിസ്തു എവിടെ ഇരിക്കുന്നുവോ അവിടേക്കു സഭ പോകും, ക്രിസ്തുവിന് ലഭിക്കുന്നതൊക്കയും ലഭിക്കുവാനായി, എന്നേക്കും ക്രിസ്തുവോടു കൂടി ജീവിക്കുകയും ചെയ്യും.

"മണവാട്ടി" എന്ന പുതിയ നിയമത്തിലെ പ്രയോഗം സഭയുമായുള്ള ബന്ധത്തിൽ വെളിപ്പാട് 21 ലും 22 ലും കാണാം. യോഹന്നാൻ അത് സഭയുടെ സ്വഭാവത്തെയും ലക്ഷ്യത്തെയും ഉപയോഗിച്ച് പറഞ്ഞിരിക്കുന്നു. "പുതിയ യെരുശലേം എന്ന വിശുദ്ധ നഗരം കർത്താവിനായി അലങ്കരിച്ചിട്ടുള്ള മണവാട്ടിയെ പോലെ ഒരുങ്ങി സ്വർഗ്ഗത്തിൽ നിന്ന്, ദൈവസന്നിധിയിൽ നിന്ന് തന്നെ ഇറങ്ങുന്നതു ഞാൻ കണ്ടു" (വെളിപ്പാട് 21:2). പിന്നീട്, യോഹന്നാനോട് ദൂതൻ പറഞ്ഞു, "വരിക, കുഞ്ഞാടിന്റെ കാന്ത ആയ മണവാട്ടിയെ കാണിച്ചു തരാം എന്നു പറഞ്ഞു" (വെളിപ്പാട് 21:9). പിന്നെ അവനെ ആത്മാവ് ഒരു വലിയ മലയിലേക്കു കൊണ്ടു പോയി "യെരുശലേം, എന്ന വിശുദ്ധ നഗരം, സ്വർഗ്ഗത്തിൽ നിന്ന്, ദൈവസന്നിധിയിൽ നിന്ന് തന്നെ ദൈവ തേജസ്സുള്ളതായി ഇറങ്ങുന്നത് കാണിച്ചു തന്നു ..." (വെളിപ്പാട് 21:10, 11). ആത്മാവിന്റെയും മണവാട്ടിയുടെയും ക്ഷണത്താലാണ് വെളിപ്പാട് അവസാനിപ്പിക്കുന്നത്: "'വരിക' എന്നു ആത്മാവും മണവാട്ടിയും പറയുന്നു, കേൾക്കുന്നവനും 'വരിക' എന്നു പറയട്ടെ. കേൾക്കുന്നവരും, 'വരിക' എന്നു പറയട്ടെ. ദാഹിക്കുന്നവൻ വരട്ടെ ഇച്ഛിക്കുന്നവൻ ജീവജലം സൗജന്യമായി വാങ്ങട്ടെ" (വെളിപ്പാട് 22:17).

ആത്മാവ് പറഞ്ഞതനുസരിച്ച്, സഭ ക്രിസ്തുവിന്റെ ഭയാൻസി ആയി ഭൂമിയിലെ അവസ്ഥയിലും ക്രിസ്തുവിന്റെ മണവാട്ടിയായി സ്വർഗ്ഗീയ അവസ്ഥയിലും കാണപ്പെടുന്നു. ഇത് പൗലൊസ് 2 കൊരിന്ത്യർ 11:2-ൽ വിശ്വസ്തതയോടുള്ള ബന്ധത്തിൽ പറഞ്ഞതിനോടു യോജിക്കുന്നു: "ഞാൻ നിങ്ങളെക്കുറിച്ചു ദൈവത്തിന്റെ എരിവോടെ എരിയുന്നു; ഞാൻ ക്രിസ്തു എന്ന ഏക പുരുഷന് നിങ്ങളെ നിർമ്മല കന്യകയായി ഏല്പിപ്പാൻ വിവാഹ നിശ്ചയം ചെയ്തിരിക്കുന്നു."

വിവാഹ നിശ്ചയം വാസ്തവത്തിലുള്ള വിവാഹം നടക്കുമ്പോൾ നിറവേറുന്നു. പുതിയ യെരുശലേം എന്ന വിശുദ്ധ നഗരത്തിന്റെ ദർശനം വിവരിച്ചു, അത് സ്വർഗത്തിൽ നിന്ന് കർത്താവിനു വേണ്ടി അലങ്കരിച്ച ഒരു മണവാട്ടിയോട് സദൃശ്യമാക്കിയിരിക്കുന്നു; ആ ദർശനം അവൻ വ്യാഖ്യാനിക്കുന്നത് സഭ വിവാഹ നിശ്ചയത്തിൽ നിന്ന് വിവാഹത്തിലേക്ക് പ്രവേശിക്കുന്നതായിട്ടാണ്. അലങ്കാരം എന്നത് സഭയുടെ വിശേഷ സ്വഭാവത്തെ, ആലങ്കാരികമായി "മണവാട്ടി," എന്ന വാക്ക് സഭയുടെ ഭാവി, സ്വർഗ്ഗീയ നഗരം കുഞ്ഞാടിന്റെ കാന്തയായി ഒരുങ്ങി വരുന്ന കാഴ്ചയാണ്.

മറ്റൊരു സ്ഥാപനത്തെയും അല്ല തന്റെ സഭയായ ശരീരത്തെ രക്ഷിക്കുമെന്നാണ് യേശു വാഗ്ദാനം ചെയ്തത് (എഫെസ്യർ 5:23). തിന്മയിന്മേലുള്ള വിജയവും മുൻപ് - ചെയ്ത വാഗ്ദാനത്തിന്റെ നിറവേറലും വെളിപ്പാട് പുസ്തകത്തിലെ ഈ പദത്തിന്റെ ചിത്രീകരണം സഭയുടെ ഭാവിയെ സൂചിപ്പിക്കുന്നു. നിങ്ങൾ ആ നിത്യ നഗരത്തെ അന്വേഷിക്കുമോ, തിരുവെഴുത്തുകൾ അത് അന്വേഷിക്കുവാനും ക്രിസ്തുവി

നോട് തന്റെ സഭയിൽ വിശ്വസ്തമായി ഇരിപ്പാനും നിങ്ങളെ സഹായിക്കട്ടെ.

**ഊനമില്ലാത്ത സൗന്ദര്യം**

ആറാമത്, "മണവാട്ടി" എന്ന പദം സൗന്ദര്യത്തെ ആണ് പറയുന്നത്. ഒരു മണവാട്ടിയുടെ സൗന്ദര്യത്തെക്കാൾ അധികരിച്ചത് മറ്റൊന്നുമില്ല. അവളുടെ മനോഹാരിതയും കൃപയും പഴഞ്ചൊല്ലുപോലെയാണ്.

യോഹന്നാൻ എഴുതി, "പുതിയ യെരുശലേം എന്ന വിശുദ്ധ നഗരം *ഭർത്താവിനായി അലങ്കരിച്ചിട്ടുള്ള* മണവാട്ടിയെ പോലെ ഒരുങ്ങി സ്വർഗ്ഗത്തിൽ നിന്ന് ദൈവസന്നിധിയിൽ നിന്നു തന്നെ ഇറങ്ങുന്നതും ഞാൻ കണ്ടു" (വെളിപ്പാട് 21:2; എംഫസിസ് മൈൻ). യെശയ്യാവ് ഒരു മണവാട്ടിയുടെ ആകർഷണീയതയെക്കുറിച്ച് ചിത്രീകരണത്തിൽ കർത്താവിന്റെ അനുഗ്രഹങ്ങളെക്കുറിച്ച് എഴുതി: "ഞാൻ യഹോവയിൽ ഏറ്റവും ആനന്ദിക്കും, എന്റെ ഉള്ളം എന്റെ ദൈവത്തിൽ ഘോഷിച്ച് ഉല്ലസിക്കും; മണവാളൻ തലപ്പാവ് അണിയുന്നത് പോലെയും മണവാട്ടി ആഭരണങ്ങളാൽ തന്നെത്താൻ അലങ്കരിക്കുന്നതുപോലെയും അവൻ എന്നെ രക്ഷാ വസ്ത്രം ധരിപ്പിച്ചും നീതി എന്ന അങ്കി ഇടുവിച്ചും ഇരിക്കുന്നു" (യെശയ്യാവ് 61:10). പിന്നീട് അവൻ ദൈവത്തിന്റെ വിശ്വസ്ത ജനത്തെ ഒരു മണവാട്ടിയുടെ അലങ്കാരമായി പറയുന്നു: "... മണവാളൻ മണവാട്ടിയിൽ സന്തോഷിക്കുന്നതു പോലെ നിന്റെ ദൈവം നിന്നിൽ സന്തോഷിക്കുന്നു" (യെശയ്യാവ് 62:5).

അമേരിക്കയിലെ മിക്കവാറും അനേകം ആളുകളാൽ സ്വീകാര്യമായ ഒരു ചടങ്ങ് എന്തെന്നാൽ വിവാഹത്തിന് വധു ധരിക്കുന്നതായ വിവാഹ വസ്ത്രം വിവാഹ വേദിയിലേക്ക് വധു അത് അണിഞ്ഞു വരുന്നതു വരെ വരൻ ആ വസ്ത്രം കാണാൻ പാടില്ല എന്നാണ്. ഈ ആചാരത്തിനു ശേഷം വധു വാസ്തവമായും "ഭർത്താവിനു വേണ്ടി അലങ്കരിച്ചിരിക്കും." മണവാളൻ ആദ്യമായി അവളെ അങ്ങനെ കാണുമ്പോൾ അവളുടെ സൗന്ദര്യം മറഞ്ഞിരിക്കുന്നതായി കാണുന്നു.

ക്രിസ്തുവിന്റെ മണവാട്ടിയായ സഭ, നീതി വസ്ത്രവും വിശുദ്ധ വിവാഹ വസ്ത്രവും ധരിച്ചിരിക്കുന്നു. പൗലൊസ് എഴുതി, "കറ, ചുളുക്കം മുതലായത് ഒന്നുമില്ലാതെ; സഭയെ ശുദ്ധയും നിഷ്കളങ്കയുമായി തനിക്കു തന്നെ മുൻ നിർത്തേണ്ടതിനു തന്നെത്താൻ അവൾക്കു വേണ്ടി ഏല്പിച്ചു കൊടുത്തു" (എഫെസ്യർ 5:27).

സഭ ക്രിസ്തുവിന് സൗന്ദര്യമുള്ളതാണെങ്കിൽ ലോകത്തിനും സൗന്ദര്യമുള്ളതായിരിക്കും. അത് ക്ലിക്കേ പോലെയാണ് "നിങ്ങളുടെ സ്വഭാവം സൂക്ഷിക്കുക, എന്നാൽ നിങ്ങളുടെ സ്വഭാവം നിങ്ങളുടെ ബഹുമാനത്തെ സൂക്ഷിക്കും." ക്രിസ്തുവിന്റെ വചനത്താൽ സഭ വിശുദ്ധമായി ഇരിക്കുന്നത് കൊണ്ട്, അങ്ങനെ അത് ക്രിസ്തുവിന് സൗന്ദര്യമുള്ളത് ആകുകയും ലോകത്തിന് അത് ബഹുമാനം ഉള്ളത് ആയിരിക്കുകയും ചെയ്യും.

വചനത്തിൽ വസിച്ചു കൊണ്ട്, ക്രിസ്തുവിനോടുള്ള ഭക്തിയിൽ,

സ്വർഗ്ഗത്തിൽ ക്രിസ്തുവിനെ വിവാഹം ചെയ്യുവാൻ അലങ്കരിച്ചിരിക്കുന്നു നാം നമ്മെ തന്നെ ആ പ്രത്യേക ദിവസത്തിനായി ദൈവ സന്നിധിയിൽ നമ്മുടെ സ്വഭാവത്തിന് കറ, ചുളുക്കം എന്നിവയില്ലാതെ നിഷ്കളങ്കമായി നിലനിർത്തുന്നു.

**ഉപസംഹാരം**

ഒരു മണവാട്ടി തന്റെ മണവാളനായി അലങ്കരിക്കുന്നതിനേക്കാൾ സൗന്ദര്യം മറ്റെന്താണ്? സൗന്ദര്യം, വിശുദ്ധി നിലനിൽക്കുന്ന ഭക്തി എന്നിവ "മണവാട്ടി" എന്ന വാക്കിൽ അടങ്ങിയിരിക്കുന്നു. സഭയുടെ സ്വഭാവം പ്രകടമാക്കുവാൻ എന്തുകൊണ്ട് പരിശുദ്ധാത്മാവ് തിരഞ്ഞെടുത്തു എന്നത് എളുപ്പം കാണാം. ആ വാക്കിൽ, സഭയ്ക്ക് ക്രിസ്തുവിനോടുള്ള പ്രത്യേക ബന്ധം, സഭയ്ക്ക് ക്രിസ്തുവിനോടുള്ള ഭക്തി, സഭയ്ക്ക് വേണ്ടി ക്രിസ്തു നല്കുന്നത്, സഭയ്ക്ക് ക്രിസ്തു നല്കുന്ന വ്യക്തിത്വം, ഭാവിയിൽ സഭയ്ക്ക് ക്രിസ്തുവിൽ ഉള്ളതെല്ലാം ശേഖരിച്ചിരിക്കുന്നതാണ്. ആ ചിത്രം വ്യക്തമാക്കുന്നത് ക്രിസ്ത്യാനികളായ നമുക്ക് ഉള്ള നേട്ടങ്ങളും താല്പര്യങ്ങളും, കടമകളും നമ്മുടെ അവസരങ്ങളുമാണ്. അത് ക്രിസ്തുവിന് അരികിലുള്ള സഭയുടെ മഹത്വകരമായ സ്നേഹ നിർഭരമായ അവസ്ഥ നമ്മുടെ മനസ്സിലേക്ക് കൊണ്ടുവരുന്നു.

സഭ ക്രിസ്തുവിന്റെ മണവാട്ടി ആയി ഇരിക്കുന്നിടത്തോളം അവന്റെ സഭയിൽ അംഗത്വം ആഗ്രഹിക്കാത്തതാരാണ്? ക്രിസ്തുവിന്റെ മണവാട്ടി ആകുക എന്നത് എന്തൊരു നേട്ടമാണ്! ക്രിസ്തുവിന്റെ ശരീരത്തിൽ പ്രവേശിക്കാത്തവരും അവനെ അനുഗമിക്കാത്തവരും തീർച്ചയായും സഭയുടെ സ്വഭാവം മനസ്സിലാക്കാത്തവരാണ്.

നിങ്ങൾക്ക് ഇഷ്ടം പോലെ ചിലവഴിക്കുവാൻ ആരെങ്കിലും ഒരു സംഖ്യ തരുന്നു എന്നു വിചാരിക്കുക. നിങ്ങൾ അത് സ്വീകരിക്കുമോ? *റീഡേഴ്സ് ഡൈജസ്റ്റിന്റെ* പത്ത് മില്യൺ ഡോളർ സമ്മാനം ആരെങ്കിലും നിഷേധിക്കുമോ? ആ പണം നിങ്ങൾക്കുതരുന്നു എങ്കിൽ, നിങ്ങളത് നിഷേധിക്കുമോ? "പത്ത് മില്യൺ ഡോളർ, ഓ? ക്ഷമിക്കണം, എനിക്ക് അതിൽ താല്പര്യമില്ല എന്ന് നിങ്ങൾ പറയുമോ"? ഉത്തരം വ്യക്തമാണ്. നിങ്ങൾക്ക് ലഭിക്കുന്ന സമ്പത്തിൽ നിങ്ങൾ ആഹ്ലാദിക്ക തന്നെ ചെയ്യും.

സഭയിൽ പ്രവേശിക്കുവാനും അവന്റെ മണവാട്ടി ആയി ജീവിക്കുവാനും എല്ലാ സ്ഥാനമാനങ്ങൾക്കും മഹത്വത്തിനും ഉടമയായിത്തീരുവാനുള്ള ക്രിസ്തുവിന്റെ ക്ഷണമാണ് ഇപ്പോഴുള്ളത്. ഇവിടെയും നിത്യതയിലും യേശു ക്രിസ്തു എല്ലാം സമർത്ഥമായി നല്കുന്ന ബന്ധത്തിലേക്കുള്ള ക്ഷണമാണ് അത്.

"പത്രൊസ് അവരോട്, 'മാനസ്സാന്തരപ്പെട്ട് നിങ്ങൾ ഓരോരുത്തരും പാപമോചനത്തിനായി യേശു ക്രിസ്തുവിന്റെ നാമത്തിൽ സ്നാനമേല്പിൻ; എന്നാൽ പരിശുദ്ധാത്മാവ് എന്ന ദാനം ലഭിക്കുന്നു.' ... കർത്താവ് രക്ഷിക്കപ്പെടുന്നവരെ ദിനംപ്രതി സഭയോട് ചേർത്തുകൊണ്ടിരുന്നു" (പ്രവൃത്തികൾ 2:38, 47).

**ചർച്ചയ്ക്കും പഠനത്തിനും ഉള്ള ചോദ്യങ്ങൾ**

1. മണവാട്ടിയുടെ സ്വഭാവങ്ങൾ ഏവ.
2. സഭ "ക്രിസ്തുവിന്റെ മണവാട്ടി" എന്നു പ്രത്യേകമായി ,സൂചിപ്പിച്ച പുതിയ നിയമ എഴുത്തുകാരൻ ആർ?
3. ക്രിസ്തുവിനോടുള്ള ഭക്തി എന്നാൽ എന്താണ് അർത്ഥം?
4. വിവാഹം എങ്ങനെയാണ് നമ്മുടെ തിരിച്ചറിയൽ മാറ്റുന്നത്?
5. നാം വിവാഹത്തിൽ എടുക്കുന്ന സമർപ്പണമാണ് ഏറ്റവും ശക്തമായത് എന്നു എങ്ങനെ നിങ്ങൾക്ക് പറയാം?
6. "കീഴ്പ്പെടൽ" എന്ന വാക്കിന്റെ അർത്ഥം എന്ത്?
7. "ഒരു ഡിക്ടേറ്റർ തികവുള്ളവനാണെങ്കിൽ ഗവൺമെന്റും തികവുള്ളതാകും" എന്ന പ്രസ്താവന ക്രിസ്തുവുമായി ബന്ധിപ്പിച്ചു വിവരിക്കുക.
8. എഫെസ്യർ 5:22–33 പ്രകാരം ഭർത്താവ് എങ്ങനെയാണ് ഭാര്യയെ സ്നേഹിക്കേണ്ടത്?
9. ക്രിസ്തു തന്റെ സഭയ്ക്കു നല്കുന്നത് എന്ത്?
10. ക്രിസ്തുവിന്റെ സഭയുടെ ഭാവി എന്ത്? നിങ്ങളുടെ സ്വന്തം ഭാവി വിവരിക്കുക.
11. സഭ "ക്രിസ്തുവിന്റെ മണവാട്ടി" എന്നു കേൾക്കുമ്പോൾ നിങ്ങളുടെ മനസ്സിലേക്കു വരുന്ന മുഖ്യ സ്വഭാവം എന്ത്?
12. ക്രിസ്തു തന്റെ സഭയിൽ രക്ഷ വാഗ്ദാനം ചെയ്തിട്ടുണ്ടോ?അവൻ മറ്റേതെങ്കിലും സഭയിൽ രക്ഷ വാഗ്ദാനം ചെയ്തിട്ടുണ്ടോ?

© 2009 Truth for Today